## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 3825*

*11 / 11 / 2019 -ൽ*
*മറുപടി നൽകേണ്ടിയിരുന്നത്*

### ജലപാത നിർമ്മാണത്തിന് ആവിഷ്കരിച്ച പദ്ധതികൾ

**ചോദ്യം**

**ശ്രീ. ഡി. കെ. മുരളി**

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലപാത നിർമ്മാണത്തിന് ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ?

(എ) & (ബി) കേരളത്തിന്റെ സമ്പൂർണ്ണ വികസനത്തിനായുള്ള അടിസ്ഥാന വികസന പദ്ധതികളിലൊന്നാണ് ഉൾനാടൻ ജലപാതാ വികസനം. ഏറ്റവും ചെലവു കുറഞ്ഞതും പരിസ്ഥിതി മലിനീകരണം കുറഞ്ഞതുമായ ഗതാഗതസൗകര്യമാണ് ഉൾനാടൻ ജലഗതാഗതം. കൂടാതെ ഏറ്റവും ചെലവു കുറഞ്ഞതും അപകടം കുറഞ്ഞതുമായ ചരക്ക് ഗതാഗതവും ഇതിലൂടെ സാധ്യമാകും. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി. മീ. നീളം വരുന്ന വെസ്റ്റ് കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. ടി പാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി. മീ. ഉം 2016-ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം നീട്ടിയ കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കി. മീ. ഭാഗവും ഉൾപ്പെടെ 328 കി. മീ. ഭാഗം ദേശീയ ജലപാത (N.W. 3) ആണ്. ടി ഭാഗത്തെ പ്രവൃത്തികൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ശേഷിച്ച കോവളം മുതൽ കൊല്ലം വരെയുള്ള 74 കി. മീ. , കോഴിക്കോട് മുതൽ ബേക്കൽ വരെയുള്ള 214 കി. മീ. എന്നീ ഭാഗങ്ങളുടെ പ്രവൃത്തികളാണ് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടത്തി വരുന്നത്. സംസ്ഥാനത്തിന്റെ നിയന്ത്രണത്തിലുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഉയർന്ന പദ്ധതി ചെലവു

വരുന്ന ഭാഗങ്ങൾ KIIFB യുടെ സഹായത്തോടെ നിർമ്മാണം പൂർത്തീകരിക്കാൻ KWIL (കേരള വാട്ടർ വേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്) എന്ന SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കോവളം മുതൽ കൊല്ലം വരെയുള്ള 74 കി. മീ. ജലപാതയിൽ KWIL ഏറ്റെടുത്ത പനത്തുറ മുതൽ ആക്കുളം വരെയുള്ള ഭാഗത്തെ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ഗതാഗത യോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. 6.62 കി. മി. ഭാഗികമായി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. 25.56 കി. മീ. ഭാഗത്തെ കനാൽ വികസനം പൂർത്തീകരിക്കുവാനുണ്ട്. പാർവ്വതീ പുത്തനാറിന് കുറുകെ 3 ലിഫ്റ്റിംഗ് ടൈപ്പ് സ്റ്റീൽ നടപ്പാലങ്ങളിൽ രണ്ടെണ്ണത്തിന്റെ ഡിസൈൻ പ്രവൃത്തികൾ ചെയ്യാൻ KEL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1.10 കി. മീ. നീളം വരുന്ന വർക്കലയിലെ 2 തുരങ്കങ്ങൾക്ക് സമാന്തരമായി 14 മീ. വീതിയിൽ പുതിയ തുരങ്കങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു. കൊല്ലത്തും വർക്കലയിലുമായി അവശേഷിച്ച 18.14 കി. മീ. ഭാഗത്തെ പ്രവൃത്തികൾ നടന്നു വരുന്നു. വർക്കലയിൽ ചെയിനേജ് 49.740 കി.മീ. മുതൽ 50.900 കി. മീ. വരെയുള്ള വികസന പ്രവൃത്തികളുടെ എഗ്രിമെന്റ് വച്ചു പ്രവൃത്തികൾ നടന്നു വരുന്നു. കൂടാതെ വർക്കല വെട്ടൂർ ഭാഗത്ത് കനാൽ വികസന പ്രവൃത്തികൾ ആരംഭിച്ചു തിരുവനന്തപുരം ജില്ലയിൽ ചെയിനേജ് 21.05 കി. മീ. മുതൽ 26.00 കി. മീ. വരെയുള്ള കനാൽ ക്ലീനിംഗ് പ്രവൃത്തി നടന്നു വരുന്നു. കൂടാതെ ചിറയിൻകീഴ് പഞ്ചായത്തിൽ ചെ. 33.63 കി. മീ. മുതൽ 37.29 കി. മീ. വരെയുള്ള 3 പ്രവൃത്തികളുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. വർക്കലയിൽ 5 സ്റ്റീൽ നടപ്പാലങ്ങളുടെ Design KEL-ൽ നിന്നും സ്വീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടികൾ നടന്നു വരുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കി. മീ. ഭാഗം (411.78-450.08 കി.മീ.) ജലപാത ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ - കോരപ്പുഴ കനാൽ , പയ്യോളി കനാൽ എന്നിവയുടെ വികസനത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ തുടർ നടപടികൾ നടന്നു വരുന്നു. വടകര- മാഹി കനാലിന്റെ

(ചെ. 450.08 കി. മീ. – 467.69 കി. മീ.) ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നു വരുന്നു. മാഹിക്കും – വളപട്ടണത്തിനും ഇടയിലെ 3 അൺകട്ട് ഭാഗങ്ങളിൽ റീച്ച് ഒന്നിലും റീച്ച് രണ്ടിലും ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. വളപട്ടണം മുതൽ കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് വരെ ജലപാത ഗതാഗതയോഗ്യമാണ്. ഹോസ്ദുർഗ്ഗിനും ബേക്കലിനും ഇടയിലുള്ള അൺകട്ട് ഭാഗത്തും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**